ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾക്കായി ലഭിച്ച അപേക്ഷകൾ

72 (2011) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾക്കായി എത്ര അപേക്ഷ ആകെ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര പേർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) സംസ്ഥാനത്തെ വിവിധ ജില്ലകളിലായുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് ചെയ്ത വർക്കുകൾ

73 (2012) ശ്രീമതി മേഴ്സി രവി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03-ൽ പൊതുമരാമത്ത് വകുപ്പ് ഒട്ടാകെ എന്ത് തുകയ്ക്കുള്ള വർക്കുകൾ ചെയ്തു എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വർഷം പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം, അലവൻസ്, ടി.എ., ഡി.എ. എന്നിയിനങ്ങളിൽ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2002-03 വർഷത്തേക്ക് 180 കോടിയോളം രൂപയ്ക്കുള്ള വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ 133,20,10,201 രൂപയ്ക്കുള്ള വർക്കുകൾ ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ 16,712.88 ലക്ഷം രൂപയ്ക്കുള്ള പണികൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly